

# നമ്മുടെ നാടിന്റെ പരിശുദ്ധർ

## വിശുദ്ധർ

### 1. മാർത്തോമ്മാ ശ്ലീഹ (മരണം എ.ഡി. 72)



ഭാരതത്തിൽ സുവിശേഷവുമായി വന്ന യേശുവിന്റെ അപ്പസ്തോലനായ മാർത്തോമ്മായുടെ ജന്മസ്ഥലം ഗലീലി ആണെന്നു വിശ്വസിക്കപ്പെടുന്നു. അദ്ദേഹം മുക്കുവനായിരുന്നു എന്നും മരപ്പണിക്കാരൻ ആയിരുന്നു എന്നും വാദമുണ്ട്. തോമ എന്ന അരമായ പദത്തിനും ദിദിമോസ് എന്ന ഗ്രീക്കു വാക്കിനും 'ഇരട്ട' എന്നാണ് അർത്ഥം.

ഈശോയുമായുള്ള രൂപസാദൃശ്യം കൊണ്ടാണ് അദ്ദേഹം അങ്ങനെ വിളിക്കപ്പെട്ടതെന്നു തോമ്മായുടെ നടപടികൾ എന്ന പുസ്തകത്തിലുണ്ട്. തോമ്മ എ.ഡി. 52-ൽ കൊടുങ്ങല്ലൂരിലെത്തി. കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, കോക്കമംഗലം, ചായൽ, പാലയൂർ, കോട്ടക്കാവ് എന്നിവിടങ്ങളിൽ പള്ളികളും മലയാറ്റൂരിൽ അരപ്പള്ളിയും സ്ഥാപിച്ചു. 69-ൽ ചോഴമണ്ഡലത്തിൽ സുവിശേഷവുമായെത്തിയ ശ്ലീഹ 72-ൽ പറങ്കിമലയിൽ വച്ച് രക്തസാക്ഷിയായി.

മൈലാപ്പൂരിൽ അടക്കിയ തോമ്മാശ്ലീഹായുടെ അസ്ഥികൾ 222-ൽ ഏദേസിയിലേക്ക് കൊണ്ടുപോയി. 1141-ൽ ഏദേസ തുർക്കികൾ കീഴടക്കിയപ്പോൾ ക്വിയോസ് ദ്വീപിലേക്ക് കൊണ്ടുപോയി. അവിടെ നിന്നും ഇറ്റലിയിലെ ഒർത്തോണോയിലേക്കു മാറ്റി.

1954-ൽ കർദ്ദിനാൾ ടിസറാങ് ഒർത്തോണോയിൽ നിന്നും വലതുകൈയുടെ അസ്തി മൈലാപ്പൂരിൽ കൊണ്ടുവന്നു സ്ഥാപിച്ചു.

### 2. വിശുദ്ധ ഫ്രാൻസിസ് സേവ്യർ (1506 – 1552)



ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനായ വിശുദ്ധ ഫ്രാൻസിസ് സേവ്യർ 1506 ഏപ്രിൽ 7 ന് സ്പെയിനിലെ നവാറയിൽ ഡോൺ ജുവാൻ ഡി ജാസോയുടെയും ഡോണ മരിയയുടെയും അഞ്ചാമത്തെ സന്താനമായി ജനിച്ചു. സമ്പന്നകുടുംബാംഗമായ അദ്ദേഹം പാരീസ് സർവകലാശാലയിൽ വച്ച് വി. ഇഗ്നേഷ്യസ് ലെയോളയുമായി പരിചയപ്പെട്ടു. 1534-ൽ മൗണ്ട് മോർട്ടെയിൽ ഈശോ സഭ സ്ഥാപിക്കാൻ ഒത്തുകൂടിയ 7 പേരിൽ ഒരാളായി. 1541-ൽ മിഷനറിയായി ഇന്ത്യയിലെത്തി. ഗോവാ ആസ്ഥാനമാക്കി 7 വർഷം മിഷനറി പ്രവർത്തനം നടത്തി. ആയിര

ങ്ങളെ മാനസാന്തരപ്പെടുത്തി. 1540-ൽ മലാക്കയിലേക്കു പോയി. അവിടെ നിന്നും ജപ്പാനിലേക്കും. 1551-ൽ ചൈന യിലേക്കു പോയി. ഷാൻഗാവാനിൽ എത്തിയപ്പോൾ പനി പിടിച്ചു മരിച്ചു. മൃതദേഹം അവിടെ സംസ്ക്കരിച്ചെങ്കിലും പിന്നീട് ഗോവയിൽ കൊണ്ടുവന്നു. ശരീരം ഇപ്പോഴും അഴു കാതിരിക്കുന്നു. 1622-ൽ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഡിസംബർ 3 ന് അദ്ദേഹത്തിന്റെ തിരുനാൾ കൊണ്ടാടുന്നു.

## 3. വിശുദ്ധ ഗോൺസാലോ ഗാർസിയ (1557 – 1597)



ബോംബെയ്ക്കടുത്ത് വാസായിൽ 1567-ൽ ജനിച്ചു. പോർട്ടുഗീസുകാരനായ പിതാവിന്റെ പേര് ഗുണ്ടിസ്സാവൂസ് ഗാർസിയ. ഇന്ത്യാക്കാരിയായ അമ്മ യുടെ പേര് അറിയില്ല. വസായി യിൽ ജോലി ചെയ്തിരുന്ന ഈശോസഭാ വൈദികനോടൊപ്പം ജപ്പാനിലേക്ക് പോയി. ഈശോസഭയിൽ ചേരാനുള്ള മോഹം നടന്നില്ല. അതുകൊണ്ട് ഫിലിപ്പീൻസിനു പോയി. അവിടെ വച്ച് ഫ്രാൻസിസ്കൻ സഭയിൽ ചേർന്നു. 1588-ൽ വ്രതമെ ടുത്തു. 1594-ൽ വീണ്ടും ജപ്പാനിലെത്തി. നാഗസാക്കി മല യിൽ 1597 ഫെബ്രുവരി 15-ന് കുരിശിലേറ്റി വധിക്കപ്പെട്ട 26 മിഷനറിമാരിൽ ഗാർസിയയും ഉണ്ടായിരുന്നു. 1627-ൽ വാഴ്ത്തപ്പെട്ടവനായി ഉയർത്തപ്പെട്ടു. 1862 ജൂൺ 8 ന് ഒമ്പതാം പീയൂസ് മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഫെബ്രുവരി 6-നാണ് തിരുനാൾ

## 4. വിശുദ്ധ ജോൺ ഡി. ബ്രിട്ടോ (1647 – 1693)



ലിസ്ബണിൽ ഡോൺ സാൽവ ദോർ ബ്രിട്ടോയുടെയും ഡോണി ബ്രിച്ചസ് പെരേരയുടെയും നാലാ മത്തെ മകനായി 1647 മാർച്ച് ഒന്നിന് ജനിച്ചു. നാലാം വയസിൽ പിതാവ് മരിച്ചു. 1662-ൽ ഈശോ സഭയിൽ ചേർന്നു. 1673-ൽ വൈദികനായി. 1673 മാർച്ച് 15 ന് ഇന്ത്യയിൽ എത്തി. മധുര മിഷന്റെ ചുമതല ലഭിച്ചു. ഭക്ഷ ണത്തിലും ജീവിതരീതികളിലും എല്ലാം ഇന്ത്യൻ സന്ന്യാസി യെപ്പോലെ ജീവിച്ചു. അരുളാനന്തർ എന്ന പേരു സ്വീകരി ച്ചു. അദ്ദേഹം മാമ്മോദീസ മുക്കിയവരിൽ നാട്ടുരാജാവായി രുന്ന തടിയ തേവർ അദ്ദേഹത്തിനുണ്ടായിരുന്ന അഞ്ചു ഭാര്യമാരിൽ നാലുപേരെയും ഉപേക്ഷിച്ചു. അവരിൽ ഒരാൾ അക്കാലത്തെ മറവരാജാവ് സേതുപതിയുടെ ബന്ധുവായി രുന്നു. അവളുടെ പരാതി അനുസരിച്ച് സേതുപതി 1693 ഫെബ്രുവരി 4-ന് ഒരിയൂരിൽ വച്ച് അരുളാനന്തരെ ഗള ഛേദം നടത്തി. ശരീരം വന്യമൃഗങ്ങൾക്ക് തീറ്റയാക്കി. ഏതാനും എല്ലുകളാണ് ബാക്കി കിട്ടിയത്. അവ ലിസ്ബ ണിൽ കൊണ്ടുപോയി സംസ്ക്കരിച്ചു. 1852-ൽ സഭ അദ്ദേ ഹത്തെ വാഴ്ത്തപ്പെട്ടവനായി ഉയർത്തി. 1947 ജൂൺ 22 ന് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഫെബ്രുവരി 4-നാണ് തിരുനാൾ

## 5. വിശുദ്ധ അൽഫോൻസാ മുട്ടത്തുപാടം (1910 – 1946)



1910 ഓഗസ്റ്റ് 19-ന് കോട്ടയം ജില്ല യിലെ കുടമാളൂരിൽ മുട്ടത്തുപാടം ഭവനത്തിൽ ജനനം. 1927-ൽ ക്ലാര സഭയിൽ ചേർന്നു. 1928-ൽ ശിരോ വസ്ത്രവും 1930-ൽ സഭാവ സ്ത്രവും സ്വീകരിച്ചു. 1936-ൽ നിത്യവ്രതം നടത്തി. സഹനത്തിന്റെ തീച്ചൂളയിൽ എരിഞ്ഞ അമ്മ 1946 ജൂലൈ 28 ന് അന്തരിച്ചു. 1986 ഫെബ്രുവരി എട്ടിന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവച്ച് അൽഫോൻസാ മ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2008 ഒക്ടോബർ 12 ന് ബെനടിക്ട് പതിനാറാമൻ വിശുദ്ധയായി പ്രഖ്യാപിച്ചു. ജൂലൈ 28 നാണ് തിരുനാൾ.

## 6. വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ (1805 – 1871)



ചാവറ കുടുംബത്തിൽ കുര്യാക്കോസിന്റെയും മറിയത്തി ന്റെയും മൂന്നാമത്തെ സന്താനമായി 1805 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസ് ഏലിയാസ് കൈന കരിയിൽ ജനിച്ചു. 1816-ൽ അതാ യത് തന്റെ 11-ാം വയസ്സിൽ പള്ളി പ്പുറത്ത് സെമിനാരിയിൽ ചേർന്നു. മാതാപിതാക്കളുടേയും സഹോദരന്റേയും മരണം കുര്യാ ക്കോസിന്റെ സെമിനാരി ജീവിതത്തിന് അല്പം വിഘാതം സൃഷ്ടിച്ചുവെന്നുവേണം പറയാൻ. എല്ലാ എതിർപ്പുക ളേയും അതിജീവിക്കാൻ കുര്യാക്കോസിന്റെ മരിയഭക്തിക്ക് നിഷ്പ്രയാസം സാധിച്ചു.

1829-ൽ പൗരോഹിത്യം സ്വീകരിച്ചു. പ്രാർത്ഥന യിലും ധ്യാനത്തിലും മാത്രം ഒതുങ്ങിക്കഴിയാതെ, നിർദ്ധന രുടേയും നിരാലംബരുടേയും ഇടയിൽ ഇറങ്ങി പ്രവർത്തി ക്കുവാനുള്ള അദ്ദേഹത്തിന്റെ പാവനമായ അഭിലാഷം പൂവ ണിയാൻ അധികനാൾ വേണ്ടിവന്നില്ല. 1831 മെയ് 31-ന് സി. എം.ഐ. സന്ന്യാസസഭ സ്ഥാപിതമായി. പത്തു സഹോദര ന്മാരടങ്ങുന്ന ആദ്യത്തെ സന്ന്യാസസമൂഹം 1855-ൽ രൂപം കൊണ്ടു.

1844-ൽ അദ്ദേഹം രൂപതയുടെ മല്പാനായി നിയ മിക്കപ്പെട്ടു. വിജ്ഞാനദാഹിയായ കുര്യാക്കോസച്ചൻ ഈ അവസരം പൂർണ്ണമായും ഉപയോഗിച്ചു. വിദ്യാഭ്യാസപരമായ

അദ്ദേഹത്തിന്റെ പദ്ധതികൾ നടപ്പിലാക്കാൻ മല്പാൻ സ്ഥാനം വലിയ സഹായകമായി. 1846-ൽ മാന്നാനത്ത് ക്രൈസ്തവർക്കായി ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചു.സീറോ മലബാർ ക്രിസ്ത്യാനികളുടെ വികാരിജനറാളായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

1871 ജനുവരി 3-ന് കൂനമ്മാവിൽ വച്ച് നിര്യാതനായ കുര്യാക്കോസ് ഏലിയാസച്ചന്റെ ഭൗതികാവശിഷ്ടം മാന്നാനത്തേക്ക് മാറ്റപ്പെട്ടു. 1986 ഫെബ്രുവരി 8-ാം തീയതി, പരി. പിതാവ് ജോൺപോൾ രണ്ടാമൻ കേരളം സന്ദർശിച്ച അവസരത്തിൽ ബഹുമാനപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർത്തു. 2014 നവംബർ 23 ന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു. ജനുവരി 3 നാണ് തിരുനാൾ.

## 7. വിശുദ്ധ എവുപ്രാസ്യാമ്മ (1877 – 1952)



1877 ഒക്ടോബർ 17-ാം തീയതിയാണ് എവുപ്രാസ്യാമ്മ ജനിച്ചത്. ഒൻപതാം വയസ്സിൽ അവൾ തന്റെ കന്യാത്വം തന്റെ പ്രിയനായ ദിവ്യനാഥന് പ്രതിഷ്ഠിച്ചു.

പരിശുദ്ധ കന്യകയുടെ ക്ഷണപ്രകാരം അവൾ കർമ്മെലീത്താ സഭയിൽ പ്രവേശിച്ചു. 1897 മെയ് 10 ന് അവൾ ശിരോവസ്ത്രം സ്വീകരിച്ചു. അതോടൊപ്പം റോസ എന്ന പേരുമാറ്റി ഈശോയുടെ പരിശുദ്ധഹൃദയത്തിന്റെ സി. എവുപ്രാസ്യ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1898 ജനുവരി 10-ാം തീയതി അവൾ കർമ്മലീത്താ സഭാവസ്ത്രം സ്വീകരിച്ചു. അവളുടെ പ്രാർത്ഥനയും പരിത്യാഗവും വഴി അവൾ ദൈവസ്നേഹത്തിൽ അതുല്യയായി. അവളുടെ സഹോദരസ്നേഹം കാരണം അവൾ മറ്റുള്ളവരുടെ ഏറ്റവും ചെറിയ ആവശ്യങ്ങൾകൂടി പരിഗണിച്ച് സഹായിച്ചിരുന്നു. ഓരോ ചെറിയ സഹായം ലഭിച്ചപ്പോഴും അവൾ ഈ വാക്കുകളിൽ നന്ദി പറയുമായിരുന്നു. 'മരിച്ചാലും മറക്കില്ലാട്ടോ'. ദിവ്യകാരുണ്യ സന്നിധിയിൽ നിരന്തരം ചെലവഴിച്ചിരുന്നതുകൊണ്ട് 'സഞ്ചരിക്കുന്ന സക്രാരി' എന്നൊരു വിളിപ്പേരും അവൾക്കുണ്ട്. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി അവൾ പ്രാർത്ഥനകളും പരിത്യാഗങ്ങളും സമർപ്പിച്ചു. എപ്പോഴും ജപമാലയേന്തി നടക്കുന്ന ആ സിസ്റ്ററിനെ 'പ്രാർത്ഥിക്കുന്ന അമ്മ' എന്നാണ് ജനങ്ങൾ വിളിച്ചിരുന്നത്.

ശക്തിക്ഷയിച്ച് പരിക്ഷീണിതയായ എവുപ്രാസ്യ 1652 ആഗസ്റ്റ് 29-ന് കർത്താവിൽ നിദ്രപ്രാപിച്ചു. 1988-ൽ അവളുടെ നാമകരണ നടപടികൾ ആരംഭിച്ചു. 2006 ഡിസംബർ 3-ാം തീയതി എവുപ്രാസ്യ വാഴ്ത്തപ്പെട്ടവളായി. 2014 നവംബർ 23 ന് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. ഓഗസ്റ്റ് 29 നാണ് തിരുനാൾ.

## 8. വിശുദ്ധ ജോസഫ് വാസ് (1651 – 1711)



സിലോണിലെ അപ്പസ്തോലനായിരുന്ന ഫാ. ജോസഫ് വാസ് 1651 ഏപ്രിൽ 21 ന് ഗോവയിലെ ബോനോളിമിൽ ജനിച്ചു. 1676-ൽ വൈദികനായി. കാൽനടയായി സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു. ശ്രീലങ്കയിൽ മിഷനറിയായി. 1711 ജനുവരി 17-ൽ കാനടയിൽ അന്തരിച്ചു. 1996 ജൂലൈ 6 ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തി. വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു ജനുവരി 17നാണു തിരുനാൾ.

# വാഴ്ത്തപ്പെട്ടവർ

## 1. മറിയം ത്രേസ്യ (1876 – 1926)



തിരുക്കുടുംബ സന്യാസിനിസഭയുടെ സ്ഥാപകയായ മറിയം ത്രേസ്യ 1870 ഏപ്രിൽ 26 ന് തൃശൂർ പുത്തൻചിറയിൽ ജനിച്ചു. അസാധാരണമായ ദൈവാനുഭവങ്ങൾ ലഭിച്ച അവൾ 1913-ൽ സ്വന്തമായ ഒരു പ്രാർത്ഥനാലയത്തിൽ താമസിച്ചുതുടങ്ങി. ഈശോയുടെയും മാതാവിന്റെയും ദർശനങ്ങൾ ഏറെ ലഭിച്ചു. 1914 മെയ് 14 ന് തിരുക്കുടുംബ സന്യാസിനിസഭ സ്ഥാപിച്ചു. 1926 ജൂൺ 8 ന് കുഴക്കാട്ടുശേരിയിൽ അന്തരിച്ചു. 1982-ൽ നാമകരണ നടപടികൾ ആരംഭിച്ചു. 2000 ഏപ്രിൽ 9 ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തി. തിരുനാൾ ജൂൺ 8.

## 2. തേവർപറമ്പിൽ കുഞ്ഞച്ചൻ (1891 – 1973)



പാലാ രൂപതയിൽ അധികം ആരാലും അറിയപ്പെടാതെ ദളിതർക്കിടയിൽ മാത്രം പ്രവർത്തിച്ച തേവർപറമ്പിൽ കുഞ്ഞച്ചൻ രാമപുരം ഇടവകയിലെ തേവർപറമ്പിൽ കുടുംബത്തിൽ 1891 ഏപ്രിൽ 1 ന് ജനിച്ചു. 1921 ഡിസംബർ 17 ന് ചങ്ങനാശ്ശേരി ബിഷപ് മാർ ജയിംസ് കാളാശേരിയിൽ നിന്നു പട്ടമേറ്റു. 42 വർഷത്തെ പൗരോഹിത്യ ജീവിതത്തിലാകമാനം രാമപുരത്തെ മൂന്ന് അസിസ്റ്റന്റ് വികാരിമാരിൽ ഒരാളായി ജീവിച്ചു. 1973 ഒക്ടോബർ 16 ന് മരിച്ചു. 2006 ഡിസംബർ 4 ന് ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ വാഴ്ത്തപ്പെട്ടവ

നായി ഉയർത്തി. മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിലാണ് രാമപുരത്തുവച്ച് പ്രഖ്യാപനം നടത്തിയത്. തിരുനാൾ ഒക്ടോബർ 16

### 3. മദർ തെരേസ (1910 – 1997)



ഇരുപതാം നൂറ്റാണ്ടിലെ ക്രൈസ്തവ സാക്ഷ്യമായ മദർ തെരേസ 1910 ഓഗസ്റ്റ് 10 ന് അൽബേനിയായിൽ ജനിച്ചു. പേര് ആഗ്നസ്. 1928-ൽ അയർലൻഡിലെ ലൊറേറ്റോ സഭയിൽ ചേർന്നു. അക്കൊല്ലം തന്നെ ഇന്ത്യയിലെത്തി. 1937-ൽ നിത്യവ്രതമെടുത്തു. അധ്യാപികയായി ജോലി ചെയ്തു. 1946-ൽ പാവങ്ങളെ സേവിക്കാനുള്ള വിളി ലഭിച്ചു. 1950-ൽ മിഷനറീസ് ഓഫ് ചാരിറ്റി സഭ ആരംഭിച്ചു. 1963-ൽ ബ്രദർമാരുടെ സഭ തുടങ്ങി. 1965-ൽ സഭയ്ക്കു പൊന്തിഫിക്കൽ പദവി ലഭിച്ചു. ടെമ്പിൾട്ടൻ അവാർഡ് (1973), നോബൽ സമ്മാനം (1979), ഭാരതരത്നം (1980) തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. 1997 സെപ്റ്റംബർ 5 ന് മരിച്ചു. 1999-ൽ നാമകരണ നടപടി ആരംഭിച്ചു. 2003-ൽ വാഴ്ത്തപ്പെട്ടവളായി. തിരുനാൾ സെപ്റ്റംബർ 5.

### 4. ദേവസഹായം പിള്ള (1712 – 1752)



1712 ഏപ്രിൽ 23 ന് ജനിച്ച് 1741-ൽ കത്തോലിക്കനായി, 1752 ജനുവരി 14 ന് തിരുനെൽവേലിക്കടുത്തുള്ള കാറ്റാടി മലയിൽ വച്ച് മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് വിശ്വാസത്തിനുവേണ്ടി വെടിയേറ്റു മരിച്ച ലാസർ എന്ന ദേവസഹായം പിള്ളയെ 2012-ൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. തിരുനാൾ ജനുവരി 14.

## ധന്യർ

### 1. അനസ്താസിയൂസ് ഹാർട്മാൻ ഒഎഫ്എം കാപ്പ് (1803 – 1866)



ബോംബെയുടെയും പാറ്റ്നയുടെയും ബിഷപ്പായിരുന്ന അനസ്താസിയൂസ് ഹാർട്മാൻ 1803 ഫെബ്രുവരി 24 ന് സ്വിറ്റ്സർലൻഡിലെ അൽവിറ്റിൽ ജനിച്ചു. 1821-ൽ കപ്പൂച്ചിൻ സഭയിൽ വ്രതമെടുത്തു. 1825 സെപ്റ്റംബർ 25 ന് വൈദികനായി. 1843-ൽ മിഷനറിയായി ആഗ്രയിലെത്തി. 1845-ൽ പാറ്റ്നയിൽ അപ്പസ്തോലിക് വികാരിയായി. 1849-ൽ ബോംബെയിലേക്കു മാറി. ഇക്കാലത്താണ് എക്സാമിനർ പത്രം ആരംഭിച്ചത്. 1854-ൽ ബോംബെ രൂപത വിഭജിച്ചു പൂന രൂപത ഉണ്ടാക്കി. 1855-ൽ മെത്രാൻ സ്ഥാനം രാജിവച്ചു. വത്തിക്കാൻ അദ്ദേഹത്തെ പ്രൊപ്പഗാന്ത ഫീദെയുടെ ഉപദേശകനാക്കി. 1860-ൽ വീണ്ടും പാറ്റ്ന മെത്രാനാക്കി. 1866 മെയ് 1 ന് അന്തരിച്ചു. 1998 ഡിസംബർ 21 ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു.

### 2. ദിവ്യകാരുണ്യത്തിന്റെ ഫാ. ഔറേലിയൻ ഒ.സി.ഡി (1887 – 1963)



സ്പെയിനിലെ ആർച്ചുണ്ടാഗ എന്ന പട്ടണത്തിൽ 1887 ജൂൺ 27 ന് ജനനം. പെദ്രോ എന്നായിരുന്നു പേര്. 16-ാമത്തെ വയസിൽ കർമലീത്ത സഭയിൽ അംഗമായി. 1902 ഓഗസ്റ്റ് നാലിന് സഭാവസ്ത്രം സ്വീകരിച്ചു. 1903 ഓഗസ്റ്റ് അഞ്ചിന് വ്രതവാഗ്ദാനം നടത്തി. 1910 ഡിസംബർ 17-ന് വൈദികനായി. 1912 സെപ്റ്റംബർ 12 ന് ഇന്ത്യയിലേക്കു തിരിച്ചു. 1912 നവംബർ 21-ന് മംഗലപ്പുഴ സെമിനാരിയിൽ അധ്യാപകനായി ചേർന്നു. 1944-ൽ സെമിനാരി റെക്ടറായി. 1952-ൽ ഇന്ത്യൻ പൗരനായി. 1956-ൽ റെക്ടർ സ്ഥാനത്തുനിന്നും മാറി. 1963 നവംബർ 16-ന് എറണാകുളം ജനറൽ ആശുപത്രിയിൽ മരിച്ചു.

### 3. ഫാ. ആഗ്നലോ ഡിസൂസ (1869 – 1927)



1869 ജനുവരി 21-ന് ഗോവയിലെ അഞ്ജുവാനിൽ ജനിച്ചു. 1898 സെപ്റ്റംബർ 24 ന് വൈദികനായി. 10 വർഷം സുവിശേഷ പ്രസംഗകനായി മാത്രം പ്രവർത്തിച്ചു. 1908-ൽ പീലാർ സഭാംഗമായി. 1918-ൽ റൈക്കോൾ സെമിനാരിയിൽ ആത്മീയ പിതാവായി നിയമിതനായി. 1927 നവംബർ 10-ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു.

### 4. ബിഷപ് മാർ തോമസ് കുര്യാളശേരി (1873 – 1921)



ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനും ദിവ്യകാരുണ്യ ഭക്തിയുടെ പ്രചാരകനും ആരാധനസന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ ബിഷപ് മാർ തോമസ് കുര്യാളശ്ശേരി 1873 ജനുവരി 14-ന് ചമ്പക്കുളത്ത് ജനിച്ചു. റോമിലെ പ്രൊപ്പഗാന്ത കോളേജിൽ പഠിച്ച് 1899 മേയ് 27 ന് വൈദികനായി. വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത അദ്ദേഹം

1908-ൽ ആരാധന സഭ സ്ഥാപിച്ചു. 1911 ഡിസംബർ 3 ന് മെത്രാനായി. ദിവ്യകാരുണ്യ ഭക്തിയുടെ വലിയ പ്രചാരക നായിരുന്നു. 1925 ജൂൺ 2-ന് റോമിൽ നിര്യാതനായി. 2011 ഏപ്രിൽ 2 ന് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ ധന്യനായി പ്രഖ്യാപിച്ചു.

### 5. ഫാ. മാത്യു കദളിക്കാട്ടിൽ (1872 – 1966)



തിരുഹൃദയ സന്യാസിനി സഭയുടെ സ്ഥാപകനായ കദളി ക്കാട്ടിൽ മത്തായിയച്ചൻ പാലാ രൂപ തയിലെ ഇടപ്പാടിയിൽ 1872 ഏപ്രിൽ 25 ന് ജനിച്ചു. 1901 ഫെബ്രുവരി 17 ന് വൈദികനായി. തിരുഹൃദയ ഭക്തനായിരുന്ന അച്ചൻ 1911 ജനുവരി 1 ന് തിരു ഹൃദയ സന്യാസിനി സഭ സ്ഥാപിച്ചു. 1935 മേയ് 23-ന് അന്ത രിച്ചു. 2011 ജൂൺ 27-ന് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു.

### 6. സിസ്റ്റർ ഫെർണാണ്ട റീവാ (1920 – 1956)



ദീർഘകാലം ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് പ്രിൻസിപ്പലായിരുന്നു ഈ ഇറ്റലി ക്കാരി. സിസ്റ്റർ ഫെർണാണ്ടറീവ 1920 മേയ് 1 ന് ജനിച്ചു. 1956 ജനു വരി 22 ന് മുംബൈയിൽ അന്തരി ച്ചു. 2012 ജൂൺ 28 ന് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ധന്യരുടെ ഗണത്തിൽപ്പെടുത്തി.

### 7. ഫാ. സക്കറിയാസ് ഒ.സി.ഡി (1887 – 1957)



സ്പെയിനിലെ അബദിയാനോയിൽ 1887 നവംബർ 5 ന് ജനിച്ച സക്കറിയാസച്ചൻ 1903 ഓഗ സ്റ്റിൽ കർമലീത്ത സഭയിൽ ചേർന്നു. 1904 സെപ്റ്റംബർ 12 ന് വ്രതവാഗ്ദാനം നടത്തി. 1911 ജൂലൈ 11 ന് വൈദികനായി. 1912 നവംബർ 20 ന് പുത്തൻപള്ളി സെമിനാരായിൽ (പിന്നീട് മംഗലപ്പുഴ) അധ്യാപകനായി. സെമി നാരിയോടു ചേർന്നു മുദ്രാലയ പ്രേഷിത പ്രവർത്തനത്തി നായി എസ്.എച്ച്. ലീഗ് ആരംഭിക്കുന്നതിനു നേതൃത്വം കൊടു ത്തു. 1957 മേയ് 22 ന് അന്തരിച്ചു.

## ദൈവദാസർ

### 1. മാർ മാത്യു കാവുകാട്ട് (1904 – 64)

ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് പ്രവിത്താനത്ത് 1905 ജൂലൈ 14 ന്



ജനിച്ചു. 1935 ഡിസംബർ 1 ന് വൈദികനായി. 1950-ൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി. 1956-ൽ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു. വലിയ വിദ്യാഭ്യാസ പ്രവർത്തകനും സഭയുടെ അവ കാശ സമരങ്ങളുടെ നായകനുമാ യി. 1957-ലെ വിമോചനസമരത്തിന് ധാർമിക നേതൃത്വം കൊടുത്തു. 1969 ഒക്ടോബർ 5 ന് അന്തരിച്ചു.

### 2. ഫാ. കോൺസ്റ്റന്റ് ലീവാൻസ് (1856 – 1893)



ഛോട്ടാ നാഗ്പൂരിന്റെ അപ്പസ്തോ ലനായ ബൽജിയം മിഷനറിയാണ് ഈശോ സഭാംഗമായ ഫാ. കോൺസ്റ്റന്റ് ലീവാൻസ്. 1856 ഏപ്രിൽ 10 ന് ബൽജിയത്തിൽ ജനിച്ചു. 1878 ഒക്ടോബർ 21 ന് ഈശോ സഭയിൽ ചേർന്നു. 1883 ജനുവരി 14-ന് വൈദികനായി. 1885-ൽ ഛോട്ടാ നാഗപ്പൂരിൽ മിഷനറിയായി. കഠിനമായ താപസജീവിതം നയിച്ചു മിഷനറി പ്രവർത്തനം നടത്തി. ക്ഷയരോഗം ബാധിച്ചതിനെത്തുടർന്ന് 1893-ൽ ചികിത്സ യ്ക്കായി ബൽജിയത്തിലേക്കു മടങ്ങി. പിന്നീട് അവിടെ ലുവെയ്നിൽ മരിച്ചു. 1993-ൽ പൂജ്യാവശിഷ്ടങ്ങൾ റാഞ്ചി കത്തീഡ്രലിൽ കൊണ്ടുവന്ന് സംസ്ക്കരിച്ചു.

### 3. ഫാ. തെയോഫിൻ ഒഎഫ്എം (1913 – 68)



കപ്പൂച്ചിൻ സഭാംഗമായ ഫാ. തെയോഫിൻ 1913 ജൂലൈ 20-ന് കോട്ടപ്പുറത്തിനടുത്ത് കൊടു ങ്ങല്ലൂരിൽ കൂടല്ലൂർ കോര ആശാൻ എന്നറിയപ്പെട്ടിരുന്ന ജോർജ്ജിന്റെയും അന്നയു ടെയും ആറാമത്തെ പുത്രനായി ജനിച്ചു. മൈക്കിൾ എന്നായി രുന്നു മാമ്മോദീസ പേര്. 1937-ൽ നിത്യവ്രതം എടുത്തു. 1941 ഏപ്രിൽ 20-ന് വൈദികനായി 1968 ഏപ്രിൽ നാലിന് അന്തരിച്ചു. അവസാനത്തെ 20 വർഷവും രോഗക്കിടക്കയി ലായിരുന്നു.

### 4. മാർ ഈവാനിയോസ് (1882 – 1953)



മലങ്കര സഭയിലെ പുന രൈക്യത്തിന്റെ പിതാവായ മാർ ഈവാനിയോസ് 1882 സെപ്റ്റംബർ 21-ന് മാവേലിക്കരയിൽ പണി ക്കർ വീട്ടിൽ ജനിച്ചു. 1908 സെപ്റ്റംബർ 15-ന് വൈദികനായി മലങ്കര സഭയിൽ ആദ്യമായി എം.

എ. ബിരുദം നേടിയ വൈദികനാണ്. 1919 ഓഗസ്റ്റ് 15-ന് റാന്നി പെരുനാട്ടിലുള്ള മുണ്ടൻമലയിൽ ബഥനി ആശ്രമം സ്ഥാപിച്ചു. 1925 മെയ് 1 ന് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി. 1930 സെപ്റ്റംബർ 20 ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1932 ജൂൺ 11 ന് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത ആയി നിയമിതനായി 1953 ജൂലൈ 15 ന് കാലംചെയ്തു.

## 5. മദർ പെട്ര ദീനദാസി (1924 – 1976)



ദീനസേവ സഭയുടെ സ്ഥാപകയായ ജർമ്മൻ മിഷനറി മദർ പെട്ര 1924 ജൂൺ 14 ന് ജർമനിയിൽ ജനിച്ചു. സമ്പന്നരായ ബർണാഡ് മെന്നിംഗ്മാന്റെയും പൗളയുടെയും മൂന്നാമത്തെ പുത്രിക്ക് അവരിട്ട പേര് പൗളാ കാതറിൻ എന്നായിരുന്നു. 1954 ൽ ഉർസുലൈൻ സഭയിൽ ചേർന്നു. 1957-ൽ നിത്യവ്രതമെടുത്തു, 1966 ൽ ബോംബെയിൽ എത്തി. തുടർന്നു കേരളത്തിലെത്തി. ഇവിടെ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലകയായി. കുരിശുമലയിലെത്തി പ്രാർത്ഥിച്ചു. അവിടെ നിന്നും ലഭിച്ച പ്രചോദനം അനുസരിച്ച് 1969 ൽ കോഴിക്കോട് മെത്രാൻ ഡോ. എ.എം. പത്രോണിയുടെ മുന്നിൽ വീണ്ടും വ്രതമെടുത്തു. ദീനസേവ സഭ സ്ഥാപിച്ചു. 1976 ജൂൺ 5 ന് വാഹനാപകടത്തിൽ മരിച്ചു.

## 6. മദർ ഏലീശ്വാ (1831 – 1913)



വരാപ്പുഴ അതിരൂപതയിലെ തെരേസ്യൻ കർമ്മലീത്താ സഭയുടെ സ്ഥാപകയായ മദർ ഏലീശ്വാ 1831 ഒക്ടോബർ 15 ന് വരാപ്പുഴ അതിരൂപതയിലെ ഓച്ചൻതുരുത്തിൽ വൈപ്പിശ്ശേരി കുടുംബത്തിൽ ജനിച്ചു. 16-ാം വയസിൽ കൂനമ്മാവുകാരൻ വാകയിൽ വറീതിനെ വിവാഹം ചെയ്തു. അവർക്ക് ഒരു പുത്രി ജനിച്ചു. 1851 ൽ കുട്ടിക്ക് ഒന്നര വയസ്സുള്ളപ്പോൾ വറീത് മരിച്ചു. പുനർ വിവാഹത്തിന് തയ്യാറാകാതെ ഏലീശ്വാ സന്യാസിനിയാകാൻ തീരുമാനിച്ചു. ലെയോപ്പോൾഡ് മൂപ്പച്ചന്റെയും ചാവറയച്ചന്റെയും സഹായത്തോടെ 1866 ൽ കൂനമ്മാവിൽ വാകയിൽ പറമ്പിൽ കർമ്മലീത്താ മൂന്നാം സഭയുടെ മഠം സ്ഥാപിച്ചു. 1868 ൽ നിത്യവ്രതമെടുത്തു. 1913 ജൂലൈ 18 ന് അന്തരിച്ചു.

## 7. മാർ മാത്യു മാക്കിൽ (1851 – 1914)



കോട്ടയം വികാരിയാത്തിന്റെ പ്രഥമ നാട്ടുമെത്രാനും കോട്ടയം ക്നാനായ കത്തോലിക്കാ രൂപതയുടെ പ്രഥമ മെത്രാനും വിസിറ്റേഷൻ സന്യാസിനി സഭയുടെ സ്ഥാപകനുമായ മാർ മാത്യു മാക്കിൽ 1851 മാർച്ച് 27 ന് മാഞ്ഞൂരിൽ മാക്കിൽ തൊമ്മൻ-അന്ന ദമ്പതികളുടെ മൂന്നാമത്തെ മകനായി ജനിച്ചു. 1865 ൽ മാന്നാനം സെമിനാരിയിൽ ചേർന്നു. 1874 മെയ് 30 ന് തിരുപ്പട്ടം സ്വീകരിച്ചു. 1889-ൽ കോട്ടയം വികാരിയത്തിലെ തെക്കുംഭാഗത്താരുടെ വികാരി ജനറാളായി. വിസിറ്റേഷൻ സഭ സ്ഥാപിച്ചു. 1896-ൽ വികാരി അപ്പസ്തോലിക്ക ആയി. 1911 ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം രൂപത സ്ഥാപിച്ചപ്പോൾ ആദ്യ മെത്രാനായി. 1914 ജനുവരി 26 ന് അന്തരിച്ചു.

## 8. ഫാ. തോമസ് പൂതത്തിൽ (1873 – 1943)



വികലാംഗർക്ക് അഭയം കൊടുക്കാൻ കോട്ടയം രൂപതയിൽ തുടക്കം കുറിച്ച സെന്റ് ജോസഫ് സന്യാസിനി സഭയുടെ സ്ഥാപകനായ പൂതത്തിൽ തൊമ്മിയച്ചൻ 1873 ഒക്ടോബർ 24 ന് നീണ്ടൂരിൽ പൂതത്തിൽ ഇട്ടിക്കുഞ്ഞ്-നേത്തി ദമ്പതികളുടെ ദ്വിതീയ പുത്രനായി ജനിച്ചു. 1887 ൽ സെമിനാരിയിൽ ചേർന്നു. 1897 ഡിസംബർ 28 ന് വൈദികനായി. പല പള്ളികളിൽ സേവനം അനുഷ്ഠിച്ചു. 1915 ൽ രോഗിയായി ഇടവക സേവനത്തിന് സാധിക്കാതെ കൈപ്പുഴയിൽ കഴിയുമ്പോഴാണ് വികലാംഗർക്ക് വേണ്ടി ഒരു സ്ഥാപനം എന്ന ആശയം വന്നത്. കൈപ്പുഴയിൽ സ്ഥാപനം ആരംഭിച്ചു. 1943 ഡിസംബർ 4 ന് അന്തരിച്ചു.

## 9. മോൺ റെയ്മണ്ട് ഫ്രാൻസിസ് കമില്ലസ് മസ്കറിനാസ് (1875 – 1929)



കൊങ്കണി ഭാഷയിൽ ആദ്യമായി സുവിശേഷ ഗ്രന്ഥം വിവർത്തനം ചെയ്ത, മുദ്രാലയ പ്രേഷിതത്വത്തിന്റെ അപ്പസ്തോലനും ബഥനി സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന മംഗലാപുരത്തെ സിസ്റ്റേഴ്സ് ഓഫ് ലിറ്റിൽ ഫ്ളവർ ഓഫ് ബഥനിയുടെ സ്ഥാപകനുമായ മോൺ റെയ്മണ്ട് മസ്കറിനാസ് 1875 ജനുവരി 23-ന് മംഗലാപുരത്ത് ജനിച്ചു. 1891 ജനുവരി 23 ന് സെമിനാരിയിൽ ചേർന്നു. 1900 മാർച്ച് 4 ന് വൈദികനായി. 1921 ജൂലൈ 16 ന് ബഥനി സന്യാസിനി സഭ സ്ഥാപിച്ചു. 1931 ൽ രൂപതയുടെ വികാരി ജനറാളായി. 1949 ൽ നാലു സുവിശേഷങ്ങളും മാതാവിന്റെ ഒപ്പീസും 1952 ൽ പുതിയ നിയമം സമ്പൂർണ്ണമായും 1954 ൽ പഴയനിയമത്തിലെ നാലു പുസ്തകങ്ങളും കൊങ്കണിയിലേക്ക് വിവർത്തനം ചെയ്തു. 1960 ഡിസംബർ 23 ന് അന്തരിച്ചു.

## 10. ഫാ. വർഗ്ഗീസ് പയ്യപ്പള്ളി (1876 – 1929)



ആഗതികളുടെ സഹോദരിമാർ (എസ്.ഡി. സിസ്റ്റേഴ്സ്) എന്ന സന്യാസിനി സഭയ്ക്ക് തുടക്കം കുറിച്ച വർഗീസ് പയ്യപ്പള്ളി അച്ചൻ 1876 ഓഗസ്റ്റ് എട്ടിന് എറണാകുളം ജില്ലയിലെ പെരുമാന്നൂരിൽ പാലയ്ക്കപ്പിള്ളി പയ്യപ്പിള്ളി ലോനപ്പൻ - കുഞ്ഞുമറിയം ദമ്പതികളുടെ നാലാമത്തെ മകനായി ജനിച്ചു. കൊച്ചു വാറു എന്നായിരുന്നു പേര്. 1907 ഡിസംബർ 21 ന് വൈദികനായി. 1927 മാർച്ച് 19 ന് സന്യാസിനി സഭ സ്ഥാപിച്ചു. 1929 ഒക്ടോബർ 5 ന് മരിച്ചു. കോന്തുരുത്തി പള്ളിയിൽ സംസ്കരിച്ചു.

## 11. ഫാ. അഗസ്റ്റൻ ജോൺ ഊക്കൻ (1880 – 1956)



കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ സ്ഥാപകനായി ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ 1880 ഡിസംബർ 18 ന് തൃശൂരിലെ പറപ്പൂരിൽ പുന്നാമ്പറമ്പിൽ ഊക്കൻ അന്തപ്പന്റെയും അന്നമ്മയുടെയും രണ്ടാമത്തെ മകനായി ജനിച്ചു. 1907 ഡിസംബർ 21 ന് കാൻഡിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. തൃശൂർ ബിഷപ്പ് മാർ ജോൺ മേനാച്ചേരിയുടെ സെക്രട്ടറി, തൃശൂർ സെന്റ് തോമസ് കോളേജിന്റെ മാനേജർ, സെമിനാരി റെക്ടർ തുടങ്ങിയ പദവികൾ വഹിച്ചു. 1944 നവംബർ 21 ന് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭ സ്ഥാപിച്ചു. 1956 ഒക്ടോബർ 13 ന് അന്തരിച്ചു.

## 12. മോൺ. ജോസഫ് പഞ്ഞിക്കാരൻ (1888 – 1949)



ദൈവശാസ്ത്രജ്ഞനും എഴുത്തുകാരനും വാഗ്മിയും ആയ മോൺ. ജോസഫ് പഞ്ഞിക്കാരൻ, ചേർത്തലയ്ക്കടുത്ത് ഉഴുവായിൽ പഞ്ഞിക്കാരൻ ചാക്കോ - മറിയം ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി 1888 സെപ്റ്റംബർ 10 ന് ജനിച്ചു. 1913 - ൽ തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്നും എം.എ. കരസ്ഥമാക്കി. സീറോ മലബാർ സഭയിൽ നിന്ന് ആദ്യമായി എം.എ. നേടിയ വ്യക്തിയാണ്. 1918 - ൽ വൈദികനായി. 1934 - ൽ കോതമംഗലത്തെ ധർമ്മഗിരി ആശുപത്രിയും രോഗീശുശ്രൂഷയ്ക്കായി മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസിനി സഭയും സ്ഥാപിച്ചു. ബേനേമെരെന്തി, പേപ്പൽ ചേംബർലെയ്ൻ തുടങ്ങിയ ബഹുമതികൾ ലഭിച്ചു. 1949 നവംബർ നാലിന് അന്തരിച്ചു.

## 13. ഫാ. ആന്റണി തച്ചുപറമ്പിൽ (1894 – 1963)



ഒരു ഗ്രാമത്തിന്റെ മാത്രം പുണ്യ അനുഭവമായി ജീവിച്ച വൈദികനാണ് ചേലക്കരയുടെ മിഷനറി എന്നറിയപ്പെടുന്ന ഫാ. ആന്റണി തച്ചുപറമ്പിൽ. 1894 ഡിസംബർ 8 ന് ചാലക്കുടിക്കു സമീപം കൊറ്റാട് തച്ചുപറമ്പിൽ പൗലോസ് - റോസ ദമ്പതികളുടെ മകനായി ജനിച്ചു. തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് സ്കൂളിൽ പഠിച്ച ആന്റണി തൃശൂർ സെമിനാരിയിൽ പഠിച്ച് 1924 ഡിസംബർ 22 ന് വൈദികനായി. 1928 - ൽ ചേലക്കരയിൽ നിയമനം കിട്ടി. വികസനം കടന്നുചെല്ലാത്ത പ്രദേശമായിരുന്നു ചേലക്കര. അവിടെ പെൺകുട്ടികൾക്കായി സ്കൂളും പാവപ്പെട്ട കുട്ടികൾക്കായി ബാലഭവനും പ്രൈമറി ഹെൽത്ത് സെന്ററും ആരംഭിച്ചു. മൂന്നുപതിറ്റാണ്ടിലേറെ അവിടെ ശുശ്രൂഷ ചെയ്തു. 1903 ജൂൺ 9 - ന് മരിച്ചു.

## 14. മോൺ. ലോറൻസ് പുളിയനം (1898 – 1961)



മോൺ. ലോറൻസ് പുളിയനം ഇടക്കൊച്ചി മുണ്ടംവേലിയിലുള്ള പുളിയനത്ത് പീറ്റർ - മരിയ ദമ്പതികളുടെ മകനായി 1898 ഓഗസ്റ്റ് 8 - ന് ജനിച്ചു. 1926 ഒക്ടോബർ 3 ന് വൈദികനായി. കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് സഹപാഠിയായിരുന്നു. ആലപ്പുഴ സെമിനാരിയിൽ തത്ത്വശാസ്ത്രം പഠിപ്പിക്കാനായിരുന്നു ആദ്യനിയമനം തുടർന്ന് 1929 മുതൽ 1961 വരെ ഇടക്കൊച്ചി പള്ളിയിൽ വികാരിയായി. 1951 മാർച്ച് 7 - ന് മോൺസിഞ്ഞോർ പദവി ലഭിച്ചു. 1961 ഫെബ്രുവരി 20 - ന് അന്തരിച്ചു.

## 15. മോൺ. റയ്നോൾഡ് പുരയ്ക്കൽ (1910 – 1986)



നിരാലംബരായ കുട്ടികളെ ദൈവസ്നേഹത്തിൽ വളർത്തി വലിയവരാക്കുന്നതിന് ജീവിതകാലം മുഴുവൻ അധ്വാനിച്ച ദിവ്യകാരുണ്യ പ്രേഷിതൻ ആലപ്പുഴ രൂപതയിലെ മോൺ. റയ്നോൾഡ് പുരയ്ക്കൽ ആലപ്പുഴയ്ക്കടുത്ത ചേന്തിയിൽ പുരയ്ക്കൽ ജോസഫ് - മേരിക്കുട്ടി ദമ്പതികളുടെ മകനായി 1910 ഡിസംബർ 28 - ന് ജനിച്ചു. മൂന്ന് സഹോദരന്മാരുണ്ടായിരുന്നു. 1937 ജൂലൈ 18 - ന് തിരുപ്പട്ടം സ്വീകരിച്ച മോൺസിഞ്ഞോർ ജീവിതകാലത്താകമാനം രൂപതയുടെ സെന്റ് ആന്റണീസ് ഓർഫനേജിൽ പ്രവർത്തിച്ചു. 1986 ഒക്ടോബർ 14 ന് അന്തരിച്ചു.

## 16. സിസ്റ്റർ മരിയ സെലിൻ കണ്ണനായ്ക്കൽ (1931 – 1957)



കേവലം 26 വർഷത്തെ ജീവിതംകൊണ്ട് അസാധാരണമായ വിശുദ്ധിയുടെ സൗരഭ്യം പടർത്തിയ ഉർസുലൈൻ സഭാംഗമായ സിസ്റ്റർ സെലിൻ കണ്ണനായ്ക്കൽ 1931 ഫെബ്രുവരി 13 ന് തൃശൂർ രൂപതയിലെ കുണ്ടന്നൂരിൽ കണ്ണനായ്ക്കൽ ഫ്രാൻസിസ് - ഫിലോമിന ദമ്പതികളുടെ രണ്ടാമത്തെ പുത്രിയായി ജനിച്ചു. രണ്ടു വിദ്യാലയങ്ങളിൽ അധ്യാപികയായി ജോലി ചെയ്തശേഷം 1954 ജൂൺ 24 ന് ഉർസുലൈൻ സഭയിൽ ചേർന്നു. 1957 ജൂൺ 20 ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. 1957 ജൂലൈ 29 ന് കണ്ണൂരിൽ അന്തരിച്ചു.

## 17. പുത്തൻപറമ്പിൽ തൊമ്മച്ചൻ (1836 – 1908)



ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിരുന്ന പുത്തൻപറമ്പിൽ തൊമ്മച്ചൻ 1836 ജൂലൈ 8-ന് ചങ്ങനാശ്ശേരി രൂപതയിലെ എടത്വായിൽ പുത്തൻപറമ്പിൽ ഫീലിപ്പോസിന്റെയും ത്രേസ്യായുടേയും മകനായി ജനിച്ചു. പുളിങ്കുന്ന് വടക്കേവീട്ടിൽ മാത്തച്ചന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. അവർക്ക് പുത്രനും രണ്ടു പുത്രിമാരും. 1865 ൽ ഭക്തജീവിതം നയിക്കുന്നവരുടെ സംഘമുണ്ടാക്കി ഫ്രാൻസിസ്കനായി. മൂന്നാം സഭയുടെ പ്രചാരകനായി. 1868 ഡിസംബർ 26 ന് സന്യാസ വസ്ത്രം സ്വീകരിച്ചു പേരിനൊപ്പം ലൂയിസ് എന്നുകൂടി ചേർത്തു. 1908 നവംബർ 1 ന് മരിച്ചു.

## 18. ബിഷപ്പ് ഒറസ്റ്റെസ് മരെൻഗോ (1906 – 1998)



ആസാമിലെ ഡിബ്രുഗഢ്, ടെസ്പൂർ, ടൂറാ രൂപതകളുടെ ബിഷപ്പായിരുന്ന സലേഷ്യൻ സന്യാസി ഒറസ്റ്റെസ് മരെൻഗോ 1906 ഓഗസ്റ്റ് 29 ന് ഇറ്റലിയിലെ ഡിയാനോ ഡി അൽബയിൽ ലോറൻസോ - അഗസ്റ്റിന ദമ്പതികളുടെ പുത്രനായി ജനിച്ചു. 1932 ഏപ്രിൽ 2 ന് ഷില്ലോംഗിൽ വച്ച് വൈദികനായി. അദ്ദേഹത്തിന് 20 നാട്ടുഭാഷകൾ വശമായിരുന്നു. 1951 ജൂലൈ 12 ന് ഡിബ്രുഗഢ് ബിഷപ്പായി നിയമിതനായി. ഡിസംബർ 27 ന് ടൂറിനിൽ വച്ച് അഭിഷിക്തനായി. 1964 ൽ ടെസ്പൂർ ബിഷപ്പായി. 1973 മാർച്ചിൽ ടൂറായുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി. 1998 ജൂലൈ 30 ന് ടൂറായിൽ അന്തരിച്ചു.

## 19. ഫാ. കോൺസ്റ്റാന്റീനോ വെൻഡ്രാം (1893 – 1957)



ഖാസികളുടെ അപ്പസ്തോലനെന്ന് വിളിക്കപ്പെടുന്ന സലേഷ്യൻ മിഷനറി ഫാ. കോൺസ്റ്റന്റീനോ വെൻഡ്രാം 1893 ഓഗസ്റ്റ് 27 ന് ഇറ്റലിയിലെ ട്രെവീസോയിലുള്ള യുബർട്ടെയിലെ സാൻ മാർട്ടിനോയിൽ ജനിച്ചു. 1913 സെപ്റ്റംബർ 15 ന് സലേഷ്യൻ നോവിഷ്യറ്റിൽ ചേർന്നു. 1924 മാർച്ച് 15 ന് വൈദികനായി. 1924 ഡിസംബർ 23 ന് ഷില്ലോംഗിലെത്തി. 1939 ൽ ജാവായിലേക്കുമാറ്റി. അവിടെ പ്രവർത്തിക്കുമ്പോൾ രണ്ടാം ലോകമഹായുദ്ധകാലത്ത് തടവിലാക്കപ്പെട്ട 150 ഇറ്റാലിയൻ മിഷനറിമാരിൽപ്പെട്ടു. യുദ്ധത്തിനുശേഷം 1945 ൽ അധികാരികൾ അദ്ദേഹത്തെ യേർക്കാട്ടിലയച്ചു. 1951 ൽ മാൽക്കാവാറിലേക്കു മടങ്ങി. 1957 ജനുവരി 30 ന് ഡിബ്രുഗഢിൽ മരണമടഞ്ഞു.

## 20. ജോസഫ് തമ്പി (1883 – 1945)



കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ അസാധാരണമായ വരദാനങ്ങളുമായി സുവിശേഷ ജോലി ചെയ്ത പഞ്ചക്ഷതധാരിയായ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗം ജോസഫ് തമ്പി 1883 സെപ്റ്റംബറിൽ കാരിക്കൽ ഗ്രാമത്തിൽ ശബരിമുത്തു തമ്പിയുടെയും അന്നമാലിയുടെയും മകനായി ജനിച്ചു. രണ്ടാനമ്മയുടെ പീഡനം മൂലം വീടുവിട്ടു. കേരളത്തിലെത്തി ഒരു വീട്ടിൽ സഹായിയായി. 1931-ൽ കൊല്ലത്ത് കപ്പൂച്ചിൻ സഭയിൽ ചേരാൻ ശ്രമിച്ചെങ്കിലും പ്രായം തടസമായി. മൂന്നാം സഭക്കാരനായി തുടർന്നു. കൂലിവേല ചെയ്തുകിട്ടിയ പണം ആന്ധ്രായിൽ മിഷൻ ജോലിക്ക് അയച്ചുകൊടുത്തു. 1937-ൽ ആന്ധ്രായിലെ കോസറപ്പള്ളിയിലെത്തി സുവിശേഷ ജോലി ചെയ്തു. 1945 ജനുവരി 15 ന് അന്തരിച്ചു.

## 21. സിസ്റ്റർ റാണി മരിയ (1954 – 1995)



1954 ജനുവരി 29 ന് എറണാകുളം ജില്ലയിലെ പുല്ലുവഴി ഗ്രാമത്തിൽ വട്ടാളിൽ പോൾ - ഏലീശ്വാ ദമ്പതികളുടെ ഏഴുമക്കളിൽ രണ്ടാമത്തവളായി ജനനം. 1972 ൽ ക്ലാര സഭയിൽ ചേർന്നു. 1974 മേയ് 15 ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. 1980 ൽ നിത്യവ്രതമെടുത്തു. 1976 മുതൽ ഉത്തരപ്രദേശിലെ ബിജ്നോർ രൂപതയിൽ മിഷനറിയായി. 1983 ൽ സത്നാ

രൂപതയിലേക്ക് മാറി. 1991 ൽ സഭയുടെ എറണാകുളം പ്രോവിൻസ് വിഭജിച്ചപ്പോൾ സിസ്റ്റർ റാണി മരിയ, അമലാ മിഷൻ പ്രോവിൻസിൽ ചേർന്നു. ഇൻഡോറിലെ ഉദയനഗറിലായിരുന്നു ആദ്യനിയമനം. 1992 ൽ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. 1995 ഫെബ്രുവരി 25 ന് ഉദയനഗറിൽ നിന്ന് ഇൻഡോർ വഴി ഭോപ്പാലിനു തിരിച്ച സിസ്റ്ററിനെ ബസിൽ വച്ച് ജീവൻസിംഗ്, ധർമേന്ദ്രസിംഗ്, സമന്ദർ സിംഗ് എന്നിവർ ചേർന്ന് കുത്തിക്കൊന്നു. അമ്പതിലേറെ കുത്തുകളാണു സിസ്റ്ററിന്റെ ശരീരത്തിൽ ഉണ്ടായിരുന്നത്.

## 22. ഫാ. ജോസഫ് വിതയത്തിൽ (1865 – 1964)



തിരുക്കുടുംബ സന്യാസിനി സഭയുടെ സഹസ്ഥാപകനും വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ആത്മീയ പിതാവുമായ ജോസഫ് വിതയത്തിൽ അച്ചൻ 1865 ജൂലൈ 28 ന് പുത്തമ്പള്ളി വിതയത്തിൽ ലോന - താണ്ട ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ചു. 1881 മേയ് 30 ന് എൽത്തുരുത്ത് സെമിനാരിയിൽ വൈദികപഠനത്തിനു ചേർന്നു. 1894 മാർച്ച് 11 ന് വൈദികനായി. 1914 മേയ് 14 ന് തിരുക്കുടുംബസഭയുടെ സഹസ്ഥാപകനായി. 1964 ജൂൺ 8 ന് മറിയം ത്രേസ്യായുടെ ചരമദിനത്തിൽ അന്തരിച്ചു.

## 23. ബിഷപ്പ് സ്റ്റെഫാനോ ഫെറാണ്ടോ (1895 – 1978)



മൂന്നരപതിറ്റാണ്ടിലേറെ ആസാമിൽ സുവിശേഷപ്രവർത്തനം നടത്തുകയും ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ മിഷനറി സഹോദരിമാർ എന്ന സന്യാസസഭ സ്ഥാപിക്കുകയും ചെയ്ത ഇറ്റാലിയൻ സലേഷ്യൻ മിഷനറി ബിഷപ്പ് സ്റ്റെഫാനോ ഫെറാണ്ടോ ഇറ്റലിയിലെ ജനോവായ്ക്കടുത്തു റോസിഗ്ലിയോണിൽ 1895 സെപ്റ്റംബർ 28 ന് ജനിച്ചു. 1912 ൽ സലേഷ്യൻ സഭയിൽ ചേർന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ സൈനിക സേവനത്തിനു വിളിക്കപ്പെട്ടു. തിരിച്ചെത്തി വൈദികനായി. ഇന്ത്യയിൽ മിഷനറിയായി എത്തി. 1935 ൽ കൃഷ്ണനഗർ ബിഷപ്പായി. ഒരു വർഷത്തിനുശേഷം 1935 ൽ ഷില്ലോംഗിലേക്കു സ്ഥലംമാറ്റപ്പെട്ടു. 1969 ജൂൺ 26 ന് രാജിവച്ചു സ്വദേശമായ ജനോവയ്ക്കു മടങ്ങി. 1978 ജൂൺ 20 ന് ജനോവയിൽ മരിച്ചു.

## 24. ഫാ. ഫ്രാൻചെസ്കോ കൺവെർട്ടിനി എസ്.ഡി.ബി (1898 – 1976)



വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് കൃഷ്ണനഗറിൽ അസാധാരണമായ തീക്ഷ്ണതയോടെ പ്രവർത്തിച്ചു മരിച്ച ഇറ്റാലിയൻ സലേഷ്യൻ മിഷനറി ഫാ. ഫ്രാൻചെസ്കോ കൺവെർട്ടിനി 1898 ഓഗസ്റ്റ് 29 ന് ബ്രിണ്ടിസിയിലെ മരിനെല്ലിയിൽ വളരെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ചു. 18 - ാം വയസ്സിൽ ഒന്നാം ലോകമഹായുദ്ധത്തിന് വിളിക്കപ്പെട്ട കൺവെട്ടിനി തടവുകാരനായി. തടവിൽ നിന്നും മോചിതനായ അദ്ദേഹം സലേഷ്യൻ സഭയിൽ ചേർന്ന് ഇന്ത്യയിലേക്കു തിരിച്ചു. 1935 ൽ വൈദികനായി. 1976 ഫെബ്രുവരി 11 ന് മരിച്ചു.

## 25. മദർ വേറോനിക്ക ഓഫ് പാഷൻ (1823 – 1906)



മംഗലാപുരം ആസ്ഥാനമാക്കിയുള്ള അപ്പസ്തോലിക് കാർമൽ സഭയുടെ സ്ഥാപകയായ മദർ വേറോനിക്ക ഓഫ് പാഷൻ 1823 ഒക്ടോബർ 1 ന് കോൺസ്റ്റാന്റിനോപ്പിളിൽ ജനിച്ചു. 27 - ാം വയസിൽ മാൾട്ടായിൽ വച്ച് കത്തോലിക്കായായി. 1851 ൽ ഫ്രാൻസിൽ വച്ച് സന്യാസിനിയായി. 1862 - ൽ ഇന്ത്യയിലെത്തി. രണ്ടു വർഷത്തിനു ശേഷം മടങ്ങേണ്ടിവന്നു. തിരിച്ചെത്തിയ മദർ, പാവുവിലുള്ള കർമ്മലീത്ത മിണ്ടാമഠത്തിൽ ചേർന്നു. അവിടിരുന്ന് കൊണ്ട് ഇന്ത്യയിലേക്ക് സന്യാസിനികളെ ഒരുക്കി. 1868 - ൽ അപ്പസ്തോലിക് കാർമ്മൽ സഭ സ്ഥാപിച്ചു. 1906 നവംബർ 16 ന് മരിച്ചു.

## 26. ഫാ. കനിസിയുസ് സി.എം.ഐ. (1914 – 1998)



ബൈബിൾ പണ്ഡിതനും സി.എം.ഐ. സഭയുടെ പ്രിയോർജനറലുമായിരുന്ന കനിസിയുസ് 1914 മേയ് 12 ന് ഇരിഞ്ഞാലക്കുട രൂപതയിലെ ആനന്ദപുരം ഇടവകയിലുള്ള തെക്കെക്കര ലോനപ്പൻ - മറിയം ദമ്പതികളുടെ മകനായി ജനിച്ചു. 1935 നവംബർ 24 ന് സി.എം.ഐ. സഭാംഗമായി. 1938 ജനുവരി 23 - ന് നിത്യവ്രതമെടുത്തു.

1942 ഡിസംബർ 21 ന് വൈദിക പട്ടമേറ്റു. 1953 മുതൽ 57 വരെ ചെത്തിപ്പുഴയിലും 37 മുതൽ 60 വരെ ധർമ്മാരാമിലും പഠിപ്പിച്ചു. 1960 മുതൽ 66 വരെ ധർമ്മാരാ

മിൽ റെക്ടറായി. 1966-ൽ സഭയുടെ ജനറാളായി. 1972 ൽ ദേവമാതാ പ്രോവിൻസിൽ പ്രൊവിൻഷ്യാളായി. 1998 ജനുവരി 29 ന് അന്തരിച്ചു.

## 27. ബ്രദർ ഫോർത്തുനാത്തൂസ് താൻ ഹോയ്സെർ ഒ.എച്ച്



ഭാരതത്തിലെ സെന്റ് ജോൺ ഓഫ് ഗോഡ് ഹോസ്പിറ്റലർ സഭയുടെ ഇന്ത്യയിലെ സ്ഥാപകൻ. ജർമനിയിലെ ബർലിനിൽ 1918 ഫെബ്രുവരി 27 ന് ജനിച്ചു. 1969 ൽ കട്ടപ്പനയിലെത്തി ആശുപത്രി സ്ഥാപിച്ചു. ആലംബഹീനർക്കായി പ്രതീക്ഷാഭവൻ സ്ഥാപിച്ചു. ഭവനരഹിതർക്കായി വീടുകൾ നിർമ്മിച്ചുനൽകാൻ നേതൃത്വം നൽകി. 1977-ൽ കാഞ്ഞിരപ്പള്ളി രൂപതയിൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്യാസിനി സമൂഹം സ്ഥാപിച്ചു. 2014 നവംബർ 21-ന് അന്തരിച്ചു.

## 28. മദർ മേരി ഗ്ലോവ്റി (1887–1957)



വൈദ്യശാസ്ത്ര ബിരുദധാരിയായ മദർ മേരി ഗ്ലോവറി, ഓസ്ട്രേ വിക്ടോറിയായിൽ 1887 ജൂൺ 23 നു ജനിച്ചു. ഈശോ മറിയം യൗസേപ്പ് സന്യാസിനി സഭയിൽ ചേർന്ന അവർ 1920 ൽ ഇന്ത്യയിലെത്തി ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ പാവങ്ങളുടെ ശുശ്രൂഷ ഏറ്റെടുത്തു. 1943 ൽ കാത്തെലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ചായി) സ്ഥാപിച്ചു. ന്യൂസിലണ്ടിൽ മെഡിക്കൽ അധ്യാപികയും ഇ.എൻ.ടി. സ്പെഷ്യലിസ്റ്റുമായിരുന്നു. 1957 മെയ് 5 ന് ക്യാൻസർ രോഗം മൂലം ബാംഗളൂരിൽ അന്തരിച്ചു. ഗുണ്ടുരിൽ സംസ്ക്കരിച്ച അമ്മയുടെ നാമകരണ നടപടികൾ 2010 നവംബറിൽ ആരംഭിച്ചു. 2013 മാർച്ച് 27 നു ദൈവദാസിയായി പ്രഖ്യാപിച്ചു.

## 29. ജ്ഞാനമ്മ (1822–1874)



പാവപ്പെട്ട പെൺകുട്ടികളുടെ സമഗ്രപുരോഗതിക്കുവേണ്ടി കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻസ് (സി.എസ്.എസ്.എ.) സന്യാസിനി സഭ ഗുണ്ടൂരിലെ ഫിർഗാണി പുരത്തും സൊസൈറ്റി ഓഫ് സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻസ് സന്യാസിനി സഭ ചെന്നൈയിലും സ്ഥാപിച്ചു. ജ്ഞാനമ്മ 1822 ൽ ഗുണ്ടൂരിലെ ഫിർഗാണി പുരത്ത് ജനിച്ചു. 15-ാം വയസിൽ വിവാഹിതയായി. 22 വർഷം കുടുംബജീവിതം നയിച്ച അവർക്ക് അഞ്ചു പുത്രന്മാർ ജനിച്ചു. 1859 ൽ ഭർത്താവ് ഇന്നയ്യ മരിച്ചു. ചെന്നൈക്കു സമീപം കിളാച്ചേരിയിലേക്ക് താമസം മാറ്റിയ അവർ അവിടെയും സാധു പെൺകുട്ടികൾക്കായി പ്രവർത്തനം തുടർന്നു. 1874 ഡിസംബർ 21 ന് മരിച്ച് കിലാച്ചേരിയിൽ സംസ്കരിച്ചു. 2014 ജൂൺ നാലിന് ജ്ഞാനമ്മയെ ദൈവദാസിയായി പ്രഖ്യാപിച്ചു. □